# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ, വള്ളിക്കീഴ് |
| വിലാസം | : | കാവനാട് കൊല്ലം |
| കോഡ് | : | 41081 |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| ഉപജില്ല | : | കൊല്ലം |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി ആർ സി | : | വെസ്റ്റ് കൊല്ലം |
| കോർപ്പറേഷൻ | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | ചവറ |
| ലോക്സഭാ മണ്ഡലം | : | കൊല്ലം |
| താലൂക്ക് | : | കൊല്ലം |
| ഈ – മെയിൽ | : | 41081kollam@gmail.com |
| ക്ലാസുകൾ | : | L. K. G.-Plus Two |

### ആമുഖം

ജില്ലാ വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും നാല് കിലോമീറ്റർ അകലെ കൊല്ലം കോർപ്പറേഷന്റെ എട്ടാം ഡിവിഷനിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ തീരദേശ മേഖലയിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾ, ദിവസവേതന തൊഴിലാളികൾ, അതിഥി തൊഴിലാളികൾ എന്നിവരുടെ കുട്ടികൾ ഉൾപ്പെടെ രണ്ടായിരത്തിൽ പരം വിദ്യാർത്ഥികൾ പഠിക്കുന്നു. കഴിഞ്ഞ നാലു വർഷങ്ങളിലായി എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച വിജയം നേടിയ ഈ സ്കൂൾ കൊല്ലം ജില്ലയിൽ തന്നെ മികച്ച നിലവാരം പുലർത്തുന്നു.

### വിദ്യാലയ ചരിത്രം

വേണാടിന്റെ വിരിമാറിൽ അഷ്ടമുടി കായലിനും അറബിക്കടലിനും ഇടയിൽ ഒന്നര ഏക്കറിൽ ഒന്നേകാൽ നൂറ്റാണ്ടിൻറെ ചരിത്രവും പേറി നിൽക്കുന്ന സരസ്വതി ക്ഷേത്രമാണ് ഈ സ്കൂൾ. 1895 ൽ സ്ഥാപിതമായ ഈ വിദ്യാലയം പ്രാരംഭത്തിൽ ശക്തികുളങ്ങര പഞ്ചായത്തിൽ പാലോട്ട് വീട്ടിലെ വണ്ടിപ്പുരയിൽ പ്രവർത്തനം തുടങ്ങി. ഇത് പിന്നീട് മാറ്റി സ്ഥാപിക്കുകയും കാലഘട്ടത്തിൽ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ ആവുകയും ചെയ്തു. 1972 ൽ ഹൈസ്കൂൾ ആയും 1998 ൽ ഹയർസെക്കൻഡറി ആയും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ഏഴാം ക്ലാസ് വരെ മാത്രം ആൺകുട്ടികൾ പഠനം നടത്തിയിരുന്ന സ്കൂളിൽ സഹവിദ്യാഭ്യാസം എന്ന ആശയത്തിന്റെ ഭാഗമായി 2020 മുതൽ ഹൈസ്കൂൾ തലത്തിലും ആൺകുട്ടികൾക്ക് പ്രവേശനം നൽകി തുടങ്ങി.

### വിദ്യാലയ മികവുകൾ

പാഠ്യേതരപ്രവർത്തനങ്ങൾ മെച്ചപ്പെട്ടരീതിയിൽ നടത്തുന്ന ഈ സർക്കാർ വിദ്യാലയത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നു. കായികവും കലാപരവുമായ പരിശീലനങ്ങൾ നടക്കുന്നു. 2024 – ൽ സംഘനൃത്തം, സമൂഹഗാനം എന്നീ ഇനങ്ങളിൽ എൽ.പി., യു.പി., എച്ച്.എസ്.എസ്. വിഭാഗം കുട്ടികൾ ഉപജില്ല ജില്ലാ മേളകളിൽ കഴിവ് തെളിയിച്ചു. 2024 സംസ്ഥാന കലോത്സവത്തിൽ സ്കൂൾ അക്കോമഡേഷൻ സെന്ററായി പ്രവർത്തിച്ചു. LSS, USS, NMMS പരീക്ഷകളിൽ മികച്ച വിജയം നേടുകയുണ്ടായി. കൂടാതെ 2025 ലെ സംസ്ഥാന തലത്തിൽ ഇംഗ്ലീഷ് ഉപന്യാസരചനയിൽ A Grade കരസ്ഥമാക്കുകയും ചെയ്തു.

<u>ഭൗതിക നേട്ടങ്ങൾ</u>

വിശാലമായ ക്ലാസ് മുറിയിൽ ഐ.ടി. ലാബ്, ATL ലാബ്, പ്രീ പ്രൈമറി വിഭാഗത്തിനായുള്ള ' വർണ്ണ കൂടാരം എന്നിവ അടങ്ങിയ പുതിയ കെട്ടിടത്തിൽ ക്ലാസുകൾ നടത്തി വരുന്നു. ഹൈടെക് ക്ലാസ് മുറികൾ, ഗേൾസ് ഫ്രണ്ട്ലി റൂം, ഭിന്നശേഷി കുട്ടികൾക്കായുള്ള റൂം, പുതിയ അടുക്കള എന്നിവ സജ്ജമാണ്.

<u>ഭൗതികം പരിമിതികൾ</u>

കുട്ടികൾക്ക് എണ്ണത്തിന് അനുപാതികമായി മെച്ചപ്പെട്ട ക്ലാസ് മുറികൾ ആവശ്യമാണ്. ഓരോ വർഷവും ഡിവിഷനുകൾ കൂടിക്കൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ച് ക്ലാസ് മുറികൾ, ടോയ്ലറ്റുകൾ, കായിക പരിശീലനത്തിന് ആവശ്യമായ ഗ്രൗണ്ട്, മെച്ചപ്പെട്ട ലാബ്, പ്രത്യേക പരിപാടികൾ നടത്തുന്നതിനാവശ്യമായ കസേരകൾ, അസംബ്ലി നടത്തുവാൻ വേണ്ട സൗകര്യം എന്നിവ ആവശ്യമാണ്

<u>സാമൂഹികം</u>

എല്ലാ കുട്ടികളുടെയും രക്ഷിതാക്കളെ സ്കൂളിൽ എത്തിച്ച് PTA കൂടുന്നു.കുട്ടികളുടെ ഗൃഹസന്ദർശനം നടത്തി അവരുടെ ചുറ്റുപാടുകൾ മനസ്സിലാക്കി ആവശ്യമായ മാനസിക പഠന പിന്തുണ നൽകി വരുന്നു. ദിനാചരണങ്ങളുടെ ഭാഗമായി സമൂഹത്തിലെ പ്രധാന വ്യക്തികളെ സ്കൂളിൽ എത്തിക്കുകയും കുട്ടികളുമായി സംവദിക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. കുട്ടികളുടെ കഴിവ് സമൂഹത്തിൽ അറിയിക്കുവാൻ പഠനോത്സവം നടത്തുന്നു.

<u>മറ്റു പ്രധാന പ്രവർത്തനങ്ങൾ</u>

ORC Club, ATL, Little Kites പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കൗമാര വിദ്യാഭ്യാസം, ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു.

<u>പദ്ധതി രൂപീകരണ പ്രക്രിയ</u>

സ്കൂൾ എസ്. ആർ. ജി. യോഗം മാസത്തിൽ രണ്ടുതവണ കൂടുന്നു. അക്കാദമിക മികവ് മെച്ചപ്പെടുത്താനുള്ള സാഹചര്യങ്ങൾക്കായുള്ള പദ്ധതികൾ രൂപീകരിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നു. പി.ടി.എ., എം. പി. ടി. എ., എസ്. എം. സി. പ്രതിനിധികളുടെ യോഗം കൃത്യമായ ഇടവേളകളിൽ കൂടി ചർച്ച നടത്തി സ്കൂൾ വികസന പദ്ധതികൾ രൂപീകരിക്കുകയും ചെയ്യുന്നു.

<u>ലക്ഷ്യങ്ങൾ</u>

ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. ബോധനശാസ്ത്രം, പഠനമനശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗികാനുഭവങ്ങളും, കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു. എല്ലാ വിഭാഗം കുട്ടികളുടേയും പഠനപുരോഗതി സമഗ്രമാകണമെങ്കിൽ കാലോചിതമായി പാഠ്യപദ്ധതി നവീകരണം നടത്തിക്കൊണ്ടിരിക്കുകയും സംവിധാനത്തെ പ്രവർത്തനനിരതമാക്കുകയും ചെയ്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകൂ. ഇന്ത്യയിലാകട്ടെ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറികഴിഞ്ഞു. അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസന പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിന് പാഠ്യപദ്ധതിയെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കേണ്ടതുണ്ട് . അന്തർദേശീയ നിലവാരം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ നിലവാരമല്ല, ഒരു പ്രത്യേക നിലവാരം പിന്നിടുന്ന കുട്ടി ലോകത്തെവിടെയാണെങ്കിലും ആർജിക്കേണ്ട അറിവുകളിടേയും അനുഭവങ്ങളുടേയും ആകെത്തുകയാണ്. ഇതിൽ കുട്ടിയുടെ പങ്കാളിത്വം, ലഭ്യത, സംരക്ഷണം എന്നിവ ഉറപ്പുവരുത്തണം. പഠനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന വിലയിരുത്തൽ സമീപനമാണ് സ്വീകരിക്കേണ്ടത്. പഠനപ്രവത്തനങ്ങൾക്ക് ഊന്നൽ നൽകി പഠിതാവിന്റെ സജീവപങ്കാളിത്തം ഉറപ്പാക്കണം. വിമർശനാത്മക ചിന്ത, യുക്തി ചിന്ത, പഠനത്തിന്റെ പ്രതിഫലനവും പ്രകടനവും, പരസ്പരബന്ധിതമായ അറിവ് തുടങ്ങിയവ പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകിയുള്ള പഠനത്തിൻ്റെ സവിശേഷതകളാണ്. ഇപ്രകാരം വൈജ്ഞാനിക തലത്തിലും സാമൂഹ്യ-വൈകാരിക തലത്തിലെയും പഠിതാവിൻ്റെ ശേഷിയും അറിവും കഴിവും താൽപര്യവും ഉറപ്പിക്കുന്ന സമഗ്രമായ പഠനപ്രവത്തനങ്ങൾ ആസൂത്രണം ചെയ്യണം. എങ്കിൽമാത്രമേ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടിക്ക് പ്രാപ്തമാകുകയുള്ളൂ. ഇതിൽ വിദ്യാലയവും - സമൂഹവും കൈകോർക്കണം. എല്ലാ കുട്ടികളേയും ഉൾക്കൊള്ളുന്നതും പരിഗണനയും സഹായവും ശ്രദ്ധയും നൽകുന്നതുമായ നീതിപൂർവമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ് ഈ ആസൂത്രണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം, ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം).
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ്സ്മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.
- പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും, സർഗ്ഗാത്മകവും, ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ട്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.
- കാർഷികസംസ്കാരം, പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനിമുക്ത - ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.
- 'ജൈവവൈവിധ്യ ഉദ്യാനം' എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- വിദ്യാഭ്യാസത്തിൻ്റെ ജനകീയവൽകരണം അർത്ഥപൂർണ്ണമാക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.
- സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.

## അക്കാദമിക മാസ്റ്റർ പ്ലാൻ എൽ പി വിഭാഗം

ആമുഖം

'ഒന്നിച്ച് ഒന്നായ് മുന്നേറാം' എന്ന മുദ്രാവാക്യവുമായി 2025 26 അധ്യായ വർഷത്തിലേക്ക് കടക്കുമ്പോൾ എൽ പി വിഭാഗം രണ്ട് നാല് ക്ലാസുകളിൽ കൂടി പുതിയ പാഠപുസ്തകങ്ങൾ രൂപപ്പെടുത്തുകയും ഒന്ന്, മൂന്ന് ക്ലാസുകളിലെ കഴിഞ്ഞവർഷത്തെ പുതിയ പാഠപുസ്തകങ്ങളുടെ പോരായ്മകൾ പരിഹരിച്ച് നവീകരിക്കുകയും ചെയ്തിരിക്കുന്നു.

അധ്യയന വർഷത്തിന്റെ തുടക്കത്തിൽ 3/6 2025 മുതൽ 13/06/2025 വരെ എൽ.പി മുതൽ എച്ച്എസ് വരെയും പ്രത്യേക മോഡ്യൂൾ തയ്യാറാക്കി മൂല്യാധിഷ്ഠിത മാന്വൽ വഴി അദ്ധ്യാനം നടത്തുവാനുള്ള നിർദ്ദേശവും 'ഒന്നൊരുക്കം' എന്ന പദ്ധതിയിലൂടെ സ്കൂൾ സന്നദ്ധത പ്രവർത്തനങ്ങളും നടത്തുവാൻ തീരുമാനം ആയിരിക്കുന്നു.

പാഠപുസ്തകങ്ങൾക്ക് അപ്പുറം ഓരോ കുട്ടിയുടെയും സമഗ്ര ഗുണമേന്മ അധ്യായന വർഷ ആരംഭംമുതൽ ലക്ഷ്യമാക്കിക്കൊണ്ട് സഹകരണം ,പങ്കുവെക്കൽ, ട്രാഫിക് നിയമങ്ങൾ,വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ആരോഗ്യം, വ്യായാമം, ഡിജിറ്റൽ അച്ചടക്കം, പൊതു മുതൽ സംരക്ഷണം തുടങ്ങിയ മൂല്യങ്ങളിൽ ഊന്നിയുള്ള പഠനം നടക്കുന്നു.

പാഠപുസ്തക വിനിമയത്തോടൊപ്പം തന്നെ വിവിധ വിഷയങ്ങളിലെ ശേഷികളും മൂല്യങ്ങളും കൈവരിക്കുന്നതിന് ഒരു അദ്ധ്യായന വർഷത്തെ സമഗ്രയായി കണ്ടുകൊണ്ട് ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ.

## അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 1

ആമുഖം

ജൂൺ മുതൽ മാർച്ച് വരെ പഠന വിഷയങ്ങൾ, പാഠിയേതര പ്രവർത്തനങ്ങൾ , കല, കായികം, ഭാഷ എന്നിവയുടെ വികാസം എന്നിവ ലക്ഷ്യമാക്കി ഒന്നാംതരം പൗരന്മാരെ വാർത്തെടുക്കുന്നു എന്ന ലക്ഷ്യത്തോടെ.....

"ഒന്നൊരുക്കം" എന്ന സന്നദ്ധതാ പ്രവർത്തനങ്ങളിൽ, കളികൾ, പാട്ട്, കഥകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ തുടങ്ങുന്ന പഠന സംയുക്ത ഡയറി, ലൈബ്രറി, കഥ അരങ്ങ്,കളിയരങ്ങ് പാട്ട്അരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിലൂടെ പുരോഗമിക്കും. ഇവിടെയെല്ലാം CPTA, SRG,SSG,SMC,Stakeholders എന്നിവരുടെ പങ്ക് വളരെ പ്രധാനവും. ഒരു കുട്ടി ഒന്നാം ക്ലാസിൽ അധ്യായനം തുടങ്ങുന്നത് മുതൽ രക്ഷിതാവ് ,കുട്ടി ,അധ്യാപകർ എന്ന ഒരു ത്രികോണ ബന്ധം തുടങ്ങുന്നു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഓരോ വർഷം കഴിയുന്തോറും ഈ ബന്ധം സുദൃഢമാവുകയും രക്ഷിതാക്കളുടെ കൂടെ പങ്കാളിത്തത്തോടെ കുഞ്ഞുങ്ങളെ സമഗ്ര ഗുണമേന്മയുള്ള വ്യക്തികൾ ആക്കി മാറ്റുന്നതിൽ അധ്യാപകർ പ്രതിജ്ഞാബദ്ധരാകേണ്ടതാണ്. അങ്ങനെ സമൂഹവും വിദ്യാലയവും രക്ഷിതാക്കളും ഒന്നിച്ച് ഒന്നായി മുന്നേറുക വഴി നല്ലൊരു തലമുറയെ വാർത്തെടുക്കുവാൻ നമുക്ക് കഴിയട്ടെ എന്ന പ്രത്യാശയോടെ...

# ACADEMIC MASTER PLAN- CLASS I, ENGLISH

| OBJECTIVE | ACTIVITIES | DURATION | RESPONSIBILITY | FINANCE |
|---|---|---|---|---|
| Listen to narratives<br><br>Comprehend the instruction ans act.<br><br>Identify letters with their speech<br><br>Describe objects, people, practices etc..<br><br>Add own lines to given song | Cartoons<br>Videos<br>Stories<br>Story telling competition<br><br>Games<br>Craft work<br><br>Phonemic song<br>Phonemic practice<br><br>Picture reading<br><br>Tellabout... a thing, event, people, place...<br><br>Choreography<br>Songs<br>Rhymes<br>Riddles etc.. | Once in a month<br>Once in a week<br>Once in a week<br>Once in a week (July to March.)<br><br>Everyday<br>Once in a month (June to March)<br><br>June to September<br><br>Once in a week<br><br>Everyday<br><br>Any one a day | SRC,SMC<br>SSG<br>CPTA<br>Library<br><br>Class teacher<br>Work Experience Club<br><br>Class teacher<br>English club<br><br>CPTA<br><br>Teacher and students<br><br>CPTA<br>SRG | SRC,SMC<br>SSG<br>CPTA<br>Library<br><br>Class teacher<br><br>English club<br><br>CPTA<br><br>Teacher and students<br><br>SRG<br>SSG |

| | | | | |
|---|---|---|---|---|
| Constructs dialogues and enact<br><br>Read words,sentences, descriptions etc..<br><br>Get familiarised with the rhythm and pattern of songs<br><br>Engage in acting and miming<br><br>Develop positive attitude towards friendship and relations<br><br>Read and enjoy stories | Short videos<br>Role play<br>Skit<br><br>Library books<br>A book a month<br><br>Rhymes<br>Action songs<br>Choreography<br><br>Cinema, cartoon, Role play,Skit<br><br>Games<br>group activities<br>Theatre activities<br><br>Reader's theatre<br>Story telling | Once in a month<br><br>Once in a month<br><br>June to March<br><br>June to March (Once in 2 months)<br><br>June to March<br><br>June to March | SSG<br><br>Library<br>CPTA<br>SRG<br><br>CPTA<br><br>SRG<br><br>SRG<br>CPTA<br><br>Library<br>SRG | Library<br><br>CPTA<br><br>SRG<br><br>CPTA<br><br>Library |

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിജ്ഞാന സമ്പാദനം | ദിനാചരണങ്ങൾ<br>ക്വിസ് പ്രസംഗം<br>പോസ്റ്റർ രചന | June ,July | Teacher<br>CPTA | |

| | | | | |
|---|---|---|---|---|
| അടിസ്ഥാന<br>ഭാഷാശേഷി<br>വികസനം<br><br>വായിച്ച്<br>വളരുന്നതിന്<br><br>ലേഖന ശേഷി<br>വികസിക്കുന്നതിന്<br>അഭിനയ മികവ്<br>ഉണ്ടാകുന്നതിന്<br>കലാ പഠനത്തിലൂടെ<br>വിജ്ഞാന<br>സമ്പാദനത്തിന്<br><br>പേശി<br>വികാസത്തിന്<br>കായികക്ഷമതക്കും<br><br>ട്രാഫിക് നിയമങ്ങൾ<br>ബോധവൽക്കരിക്ക<br>ന്നതിന്<br><br>ശുചിത്വ ശീലങ്ങൾ<br>അറിയുന്നതിന്<br><br>ഡിജിറ്റൽ അച്ചടക്കം<br>പാലിക്കുന്നതിന്<br><br>പൊതുമുതൽ<br>സംരക്ഷണം എന്ന | പാട്ടുകൾ കവിതകൾ<br>ചിത്രരചന മഹത്<br>വചനങ്ങൾ<br><br>കഥയരങ്ങ് ,ഭാഷാ<br>കളരി ,കുട്ടിക്കൂട്ടങ്ങൾ,<br>അമ്മ പറയട്ടെ<br><br>വായന കളരി<br>കഥ അരങ്ങ്<br><br>സംയുക്ത ഡയറി<br><br>റീഡേഴ്സ് തിയേറ്റർ<br><br>ദൃശ്യാവിഷ്കാരം<br>കൊറിയോ ഗ്രാഫി<br><br>കളികൾ നിർമ്മാണ<br>പ്രവർത്തനങ്ങൾ<br>സൂമ്പ എറോബിക്സ്<br>ഹെൽത്തി കിഡ്സ്<br>പ്രവർത്തനങ്ങൾ<br>ട്രാഫിക്<br>ബോധവൽക്കരണ<br>ക്ലാസുകൾ റീലുകൾ<br>വീഡിയോ പ്രദർശനം<br>പാട്ടുകൾ<br>വ്യക്തി ശുചിത്വം<br>പരിസര ശുചിത്വം<br>ഹരിത ക്യാമ്പസ്<br>സ്കൂൾ<br>സൗന്ദര്യവൽക്കരണ<br>ം എന്നിവയെ<br>ആസ്പദമാക്കി<br>വീഡിയോ കിറ്റ് സ്കിറ്റ്<br>തുടങ്ങിയവ<br>കഥകൾ പാട്ടുകൾ<br>കളികൾ റീലുകൾ<br>വീഡിയോസ്<br>നിരീക്ഷണം<br>നിർദ്ദേശങ്ങൾക്കനു<br>സരിച്ച്<br>പ്രവർത്തിക്കുന്നതിന്<br>സൈൻബോർഡുക<br>ൾ സ്ഥാപിക്കുന്നു<br>പൂന്തോട്ട നിർമ്മാണം | June to<br>September<br>July to<br>January<br><br>August to<br>February<br><br>July to<br>March<br><br>August to<br>March<br>June to<br>March<br><br>June to<br>March<br><br>June to<br>March<br><br>June to<br>March | SRG<br>SSG<br>SMC<br><br>Teacher<br>CPTA<br><br>SRG,parent<br>s ,students,<br>classteach<br>er<br>Class<br>teacher<br>SRG<br>CPTA<br>SSG<br>SMC<br><br>SRG<br>PT Sir<br>Clubs<br>SSG<br>SMC<br><br>School<br>safety<br>club<br>SRG<br><br>Ecoclub<br>SMC<br>SSG | |

| | | | | |
|---|---|---|---|---|
| മൂല്യം വളരുന്നതിന്<br><br>പരസ്പര സഹകരണ മനോഭാവം വളരുന്നതിന് | നിർമ്മാണ പ്രവർത്തനങ്ങൾ<br><br>കൂട്ടുകാരൻ പരിചയപെടൽ അവധിക്കാല അനുഭവം പങ്കുവെക്കൽ കളികൾ ഗ്രൂപ്പ് പ്രവർത്തനങ്ങൾ ക്ലാസ്റ്റൂം വൃത്തിയാക്കൽ | June to March<br><br>June to March<br><br>June to March<br><br>Once in a week | Art club,students,SRG<br><br>club,students,SRG<br><br>CPTA SRG SSG<br><br>Students | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കാൻ | 1 ഗണിത കിറ്റ് തയ്യാറാക്കൽ<br><br>2 ഗണിത മാഗസിൻ<br><br>3 ഈർക്കിൽ തീപ്പെട്ടി കമ്പുകൾ | ജൂൺ മാർച്ച്<br><br>ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ<br><br>ക്ലാസ് ടീച്ചർ | -----------<br><br>PTA |

| | | | | |
|---|---|---|---|---|
| | ഉപയോഗിച്ചുള്ള ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | ---------- |
| | 4 മൈദ കുഴച്ച് വ്യത്യസ്ത രൂപങ്ങളുടെ നിർമ്മാണം | ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ | PTA |
| | ഒറിഗാമി നിർമ്മാണം | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | ------ |
| | ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങളിലൂടെ | മാസത്തിൽ 1 വീതം | SRG ക്ലാസ് ടീച്ചർ | PTA |
| നാണയങ്ങളും നോട്ടുകളും പരിചയപെടൽ | നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കളി നോട്ടുകൾ ഉപയോഗിച്ച് സംഖ്യകൾ കൂട്ടി പറയുക നാണയങ്ങളും കളി നോട്ടുകളും നിർമ്മിക്കുക | JANUARY | ക്ലാസ് ടീച്ചർ | |
| | സംഖ്യാപുസ്തകം നിർമ്മാണം | | | PTA |
| ഒന്നു മുതൽ 10 വരെ സം സംഖ്യ കള വ്യാഖ്യാനിക്കൽ | | SEPTEMBER | ക്ലാസ് ടീച്ചർ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 2

ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്ന ഭാഗമായി ക്ലാസതല അക്കാദമിക് മാസ്റ്റർ പ്ലാനിലേക്ക് കുട്ടികളിൽ മൂല്യബോധം വികസിക്കുന്ന മോഡ്യൂളുകൾ ആദ്യ രണ്ടാഴ്ച പ്രൈമറി തലത്തിൽനടപ്പിലാക്കുന്നു രണ്ടാം ക്ലാസിൽ രചനോത്സവത്തിന് പ്രാധാന്യം നൽകിയ

പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠനം പിന്തുണ നൽകാനും ഒരു ദിവസം ഒരുമണിക്കൂർ എന്ന നിലയിൽ പൊതു വിഷയങ്ങൾ ,റോഡ് നിയമങ്ങൾ ,വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പസ് സ്കൂൾ ഡിജിറ്റൽ അച്ചടക്കം പൊതുമുതൽ സംരക്ഷണം പരസ്പര സഹകരണ പ്രാധാന്യം എന്നീ തീമുകളെ ആസ്പദമാക്കിയ പ്രവർത്തനങ്ങൾ എൽ പി തലത്തിൽ മുതൽ വരെ നടപ്പാക്കി രണ്ട് സ്റ്റാൻഡേർഡ് റീഡോസ് തിയേറ്ററിന് വഴി തെളിയുന്ന പ്രവർത്തനങ്ങൾ ഭാഷാ വിഷയത്തിൽ നടപ്പിലാക്കുന്നു

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം അക്ഷരങ്ങൾ ചിഹ്നങ്ങൾ ചേർത്ത് തെറ്റുകൂടാതെ എഴുതുന്നു . | വായനക്കുറിപ്പുകൾ ബാക്കിനിർമ്മാണം സംഭാഷണം പൂർത്തിയാക്കൽ കഥാ പൂർത്തിയാക്കൽ | ജൂൺ ,ആഗസ്റ്റ് | മലയാളം അധ്യാപിക, PTA,HM | |
| വായന എഴുത്ത് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു | വിവരണം കഥാ പൂർത്തിയാക്കൽ കവിതയിലെ വരി കൾ കൂടി ചേർക്കൽ | സെപ്റ്റംബർ ഒക്ടോബർ | മലയാളംടീച്ചർ PTA,HM | |
| ഉചിതമായി സർഗാത്മകത യെ പരിപോഷിപ്പിക്കാ ം | റീഡിങ് കാർഡ് ബാല മാസിക വായന കഥ കവിത രചനയ്ക്കുള്ള വേദിയൊരുക്കൽ കഥയുടെ ബാക്കി ഭാഗം പൂരിപ്പിക്കൽ | നവംബർ ജനുവരി | മലയാളം അധ്യാപിക | |
| ഉചിതമായ വ്യവഹാര രൂപങ്ങളിൽ ഉള്ള ലേഖന മികവ് | രചനോത്സവം ലഘു പതിപ്പ് തയ്യാറാക്കുന്നു സ്വന്തം പതിപ്പ് | ഫെബ്രുവരി മാർച്ച് | മലയാളം അധ്യാപിക ക്ലാസ് ടീച്ചർ | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുന്നൊരുക്കം ഗണിത ആശയങ്ങളിൽ കുത്തി കൈവരിച്ചവ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ | തൊട്ടടുത്ത സംഖ്യ മുമ്പുള്ള സംഖ്യ പാറ്റേണിലെ സംഖ്യാബോധം നൂറിൽ താഴെ ക്രമമായി എണ്ണൽ എഴുതൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| വ്യത്യസ്ത രൂപങ്ങൾ തിരിച്ചറിയൽ | ഒരേ തരത്തിലുള്ള രൂപങ്ങൾക്ക് നിറം നൽകി രൂപങ്ങൾ വരക്കൽ ജിയോബോർ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| 100 വരെയുള്ള<br>സംഖ്യാബോധം<br>സംഖ്യാവ്യാഖ്യാനം<br>സങ്കലനം<br>വ്യവകലനം ശേഷി<br>ഉറപ്പാക്കൽ | ഡ് ചിത്ര രൂപങ്ങൾ<br>കട്ടൗട്ടുകൾ ഉണ്ടാക്കൽ<br>സംഖ്യറിബണിൽ<br>വിട്ടുപോയ സംഘ്യകൾ<br>എഴുതൽ സംഖ്യാചക്രം<br>സംഖ്യാ സൂര്യൻ<br>അബാക്കസ്<br>നിർമിക്കൽ<br><br>സംഖ്യ കാർഡ്<br>ഉപയോഗിച്ച് സംഖ്യ<br>പറയൽ | ആഗസ്റ്റ്<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| 200 വരെയുള്ള<br>സംഖ്യകൾ<br>വായിക്കുകയും<br>എഴുതുകയും<br>ചെയ്യുന്നു | ബാഡ്ജുകൾക്ക്<br>നമ്പറിടൽ സ്ലിപ്പ്<br>ഉപയോഗിച്ച്<br>സംഖ്യകൾ<br>ക്രമീകരിക്കൽ സംഖ്യ<br>കളങ്ങൾ പൂരിപ്പിക്കൽ | ഒക്ടോബർ<br>നവംബർ | ക്ലാസ് ടീച്ചർ | |
| നാണയങ്ങളും<br>നോട്ടുകളും<br>പരിചയപ്പെടും | നോട്ടുകളും<br>നാണയങ്ങളും<br>തിരിച്ചറിയൽ<br>കൂട്ടിച്ചേർത്ത് സംഖ്യാ<br>രൂപീകരിക്കൽ കളി<br>നോട്ടുകൾ ഉപയോഗിച്ച്<br>സംഖ്യകൾ കൂട്ടി<br>ഉത്തരമെഴുതൽ<br>നിത്യജീവിതത്തിലെ<br>പ്രായോഗിക പ്രശ്നങ്ങൾ<br>നിർദാരണം ചെയ്യൽ | ഡിസംബർ | ക്ലാസ് ടീച്ചർ | |
| സങ്കലന<br>വ്യവകലന<br>ക്രിയകൾ<br>ഉൾപ്പെടുന്ന<br>പ്രായോഗിക<br>പ്രശ്നങ്ങൾ<br>നിർധരണം<br>ചെയ്യൽ | പട്ടികയിലെ<br>വിവരങ്ങൾ കണ്ടെത്തി<br>പറയൽ വില<br>വിവരപട്ടിക<br>തയ്യാറാക്കൽ<br>സ്ഥാനവില പോക്കറ്റ്<br>അബാക്കസ്<br>ഉപയോഗിച്ച് തുക<br>കണ്ടെത്തൽ | ജനുവരി<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| കലണ്ടർ<br>വിശേഷങ്ങൾ<br>സംഖ്യാ<br>ബന്ധങ്ങൾ<br>രൂപീകരിക്കൽ | കലണ്ടർ തയ്യാറാക്കൽ<br>ദിവസം മാസം<br>തിരിച്ചറിയൽ സംഖ്യ<br>പാറ്റേൺ കണ്ടെത്തൽ<br>കലണ്ടർ മാജിക് | മാർച്ച് | ക്ലാസ് ടീച്ചർ | |

# Academic master plan
# English II

| AIM | ACTIVITIES | TIME | CHARGE | FUND |
|---|---|---|---|---|
| To speak read and write English without any mistakes | | | | |
| To develop listening skills | Follow instructions in games solo instructions in games enjoy skit and stories watch English news | June | Teacher Parent<br>Teacher | PTA<br>SSK PTA |
| To develop speaking skills | Picture reading role play ,make selfie introduction picture description, speech ,growing sentences | July September | Teacher Parent | PTA |
| To develop writing skills | Make word web picture description word chain , sentence chain ,make riddles ,Add more lines develop story, notice write diary | August December | Parent Teacher | PTA |
| To develop reading skills | Make use of library books, reading story books , reading cards. Follow News paper reading, reading | September January | Parent Teacher | PTA |
| Engage in origami | | June | Teacher | |

| | | | | |
|---|---|---|---|---|
| Sing the song with proper rhythm and intonation<br><br>Comprehend the teacher instruction and interaction question and respond in English meanigfully | headings , find words . Find out rhyming words describing a festival text book activities.<br><br>Making mushroom ant , butterfly etc.<br><br>Choral singing, do choreography , assign characters and enact the roles. Encourage the learner to respond . Share their ideas in group. Megaphone their response in english .write their response on board . Appreciate the learner. | July<br><br>Whole year | Teacher | PTA<br><br>PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് **3**

ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാകുന്നതിന്റെ ഭാഗമായി ക്ലാസ് തല അക്കാദമിക് മാസ്റ്റർ പ്ലാനിങ്ങിലേക്ക് കുട്ടികൾക്ക് മൂല്യബോധം വികസിപ്പിക്കുന്ന മോഡ്യൂളുകൾ ആദ്യ രണ്ടാഴ്ച പ്രൈമറിതലത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു കുട്ടികളുടെ  പണനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകാനും ഒരു ദിവസം ഒരു മണിക്കൂർ എന്ന രീതിയിൽ പൊതു വിഷയങ്ങൾ റോഡ് നിയമങ്ങൾ വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പ്   സ്കൂൾ സൗന്ദര്യവൽക്കരണം പൊതുവാരോഗ്യം ഡിജിറ്റൽ അച്ചടക്കം പൊതുമുതൽ

സംരക്ഷണം പരസ്പര സഹകരണത്തിന്റെ പ്രാധാന്യം എന്നീ തീമുകളെ ആസ്പദമാക്കിയ പ്രവർത്തനങ്ങൾ 03/06/2025 മുതൽ 13/06/2025 വരെ നടത്തുന്നു ഈ പ്രവർത്തനങ്ങൾ ശരിയാ യ ഡോക്യുമെന്റേഷൻ നടത്തുന്നു ഈ വിഷയങ്ങളെപ്പറ്റി കുട്ടികളിൽ പൊതുവായ ക്രോഡീകരണവും അവബോധവും സൃഷ്ടിക്കാൻ കഴിയുന്നു ഈ അക്കാദമിക വർഷം 2025-2026 ക്ലാസ് തലത്തിൽ വിഷയം അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പണപ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർ പ്ലാനിൽ ചേർക്കുന്നു.

ഉപമേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക ◌ം |
|---|---|---|---|---|
| ജ്യമിതീയ സൗന്ദര്യം തിരിച്ചറിയ ◌ാം | ജ്യാമിതീയ രൂപങ്ങൾ നിർമ്മാണ പ്രവർത്തനം നമുക്ക് ചുറ്റുമുള്ള പാഴ്വസ്തുക്കൾ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു | June<br>July | ഗണിതാധ്യാപിക<br>SRG | PTA<br>SSA |
| ഗണിത പണം രസകരമാക്കാം ചതുഷ്കിയ യില്ലൂടെ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ ഇനിയും പാമ്പും ഡയസ് കളി (സങ്കലനം +വ്യവകലനം) ഗുണനം, ഹരിതം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഗണിത കളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു | June<br>March | ഗണിത അധ്യാപിക ക്ലാസ് ടീച്ചർ<br>SRG | PTA<br>HM |
| ഗണിത പാട്ടില്ലൂടെ ഗണിത പണം രസകരമാക്കാം | ഗണിത പണം രസകരമാക്കുന്ന ഗണിത പാട്ടുകൾ | August<br>September | ഗണിത അധ്യാപിക | PTA<br>HM |
| ഗണിതോപകരണങ്ങൾ സാന്നിധ്യമില്ലാതെ ഊഹിച്ച പറയൽ താരത്തമ്യം ചെയ്യൽ | നീളം , വീതി,ഭാരം ഉള്ളളവുകൾ ഊഹിച്ച പറയുന്നു. ശരിയായ അളവുമായി താരതമ്യം ചെയ്യുന്നു (ഉപകരണം ഉപയോഗിച്ച് അളവ് | October | | |

| | | | | |
|---|---|---|---|---|
| ഗണിതശേഷികളുടെ പ്രകടനം | ക്രമപ്പെട്ടുത്തിയ ശേഷം<br><br>ഗണിത പസിൽ ഗണിത പാ റ്റേൺ സ്വയം നിർമ്മാണം ഗണിതപണ ഉൽപന്ന പ്രദർശനം ഒറിഗാമി | December<br><br>January March | ക്ലാസ്സ്ടീച്ചർ ഗണിത അധ്യാപിക<br><br>ക്ലാസ് ടീച്ചർ ഗണിത അധ്യാപിക | PTA HM<br><br>PTA HM |

# ENGLISH

| Aim | Activity | Time | Responsibily | Financial support |
|---|---|---|---|---|
| To speak read and writing English without any mistakes<br><br>check the vocabulary and writing skill of pupil<br><br>develop the creative speaking and writing skill | To develop then skill to make their activities conversation English games kit stories growing sentence picture discipline<br><br>Hello English activities make the simple sentence using word about pictures<br><br>book reading textbook activity | June-march<br><br>July-August<br><br>Sep-October | English tr<br><br>English tr<br><br>English tr<br><br>English tr | Staff SMC HM<br><br>SMC HM<br><br>SMC HM<br><br>SMC PTA |

| | | | | |
|---|---|---|---|---|
| to improve English presentation in our Class teacher<br><br>To express thoughts feelings in our English classroom | make conversation and self introduction develop stories<br><br>reading library book description writing diary writing thought<br><br>Conversations<br>Skit stories<br>Use ICT<br>Thoughts<br>Exibition(Picture album, sentence making books) | November-January<br><br>February - March | English tr | SMC<br>Staff<br>HM |

പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര അവബോധം വളർത്തുക<br><br>പ്രകൃതിവിഭവ സംരക്ഷണം | കണ്ടെത്താം അറിയാം സ്വയം താരതമ്യം ചെയ്യൽ പട്ടികപ്പെടുത്തൽ നിഗമനരൂപീകരണംനടത്തുന്നു ലഘുപരീക്ഷങ്ങൾകണ്ടെത്തുന്ന കുറിപ്പ് തയ്യാറാക്കൽ<br><br>ജൈവവൈവിധ്യ പാർക്ക് മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br><br>ശാസ്ത്രപ്രതിഭകളെപരിച | ജൂൺ ജൂലൈ ഓഗസ്റ്റ്<br><br>സെപ്റ്റംബർ – ഒക്ടോബർ | ശാസ്ത്ര അധ്യാപിക ക്ലാസ് ടീച്ചർ<br><br>ശാസ്ത്രഅധ്യാപിക | PTA<br>SMC<br><br>PTA<br>HM |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കാൻ<br><br>ശുചിത്വബോധമുള്ള വ്യക്തിത്വവുംസമൂഹവുംസൃഷ്ടിക്കുന്നതിന്<br><br>ശാസ്ത്രപഠനം രസകരമാക്കാൻ | യപ്പെടാൻ(ശാസ്ത്രപുസ്തക വായന)പരീക്ഷണം വീട്ടിലും<br>ശാസ്ത്ര മാസികകൾ<br><br>ശുചിത്വ സർവേ ക്ലാസുകൾ പോസ്റ്റർ രചന ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം<br><br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ ,പ്രദർശിപ്പിക്ക ാൻ ,പതിപ്പ് ,ചാർട്ട് , ആൽബം,പരീക്ഷണ പ്രദർശനം | നവംബർ-ഡിസംബർ<br><br>ഡിസംബർ-ഫെബ്രുവരി | ശാസ്ത്ര അധ്യാപിക ക്ലാസ് ടീച്ചർ<br><br>ശാസ്ത്ര അധ്യാപിക | PTA<br>HM<br><br>PTA<br>SMC |

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികാസം | പോസ്റ്റർ പ്ലക്കാർഡ് നിർമ്മാണം ,വായന കളരി ,ചാർട്ടെഴുത്ത ്, പതിപ്പുകൾ | 2025 -26 അധ്യയന വർഷം മുഴുവൻ | എൽ പി വിഭാഗം അധ്യാപകർ | PTA 300/- |
| ഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ആവശ്യമായ കുട്ടികൾക്ക് പ്രത്യേക പരിശീലനം അധികപ്രവർത്തനങ്ങൾ ആയി ചിത്രവായന, അക്ഷരക്കാർഡ്, വായന കാർഡ് നിർമ്മാണം | അധ്യായന വർഷം ആദ്യപാദം | എൽ പി വിഭാഗം | PTA 50/- |
| കവിതകൾ ,നാടൻ പാട്ടുകൾ എന്നിവ ആസ്വദിക്കുകയും ആലപിക്കുകയും ചെയ്യൽ | ഐസിടി സഹായത്തോടെ നാടൻ പാട്ടുകൾ കവിതകൾ കേൾക്കാൻ അവസരം സർഗ്ഗ വേളയിൽ അവതരണത്തിന് അവസരം നാടൻപാട്ട് ശില്പശാല | അധ്യയനവർഷം ആദ്യപാദം | എൽ പി വിഭാഗം | PTA 500/- |

| | | | | |
|---|---|---|---|---|
| | സംഘാടനം | | | |
| ലളിതമായസർഗ ാത്മകരചനകൾ പ്രസിദ്ധീകരിക്കൽ | കഥ ,കവിത ,ഡയറ ി, ചിത്രം ,ലേഖനം മുതലായ സർഗ്ഗത്മക രചനകൾ ക്ലാസ് തലത്തിലും യൂണിറ്റ് അടിസ്ഥാനത്തിലും തയ്യാറാക്കൽ മെച്ചപ്പെട്ടവ തിരഞ്ഞെടുക്കൽ പ്രസിദ്ധീകരണക്ഷമ മാക്കൽ | അധ്യയന വർഷം രണ്ടാം പാദം | എൽ പി വിഭാഗം | PTA 2000/- |
| സർഗാത്മകരച നകളെ ആസ്വദിക്കാനും വിലയിരുത്താനും അവസരമൊരു ക്കൽ | സാഹിത്യസംവാദ ങ്ങൾ ക്യാമ്പുകൾ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | അധ്യയന വർഷം അവസാന പാദം | എൽ പി വിഭാഗം | PTA 1000/- |

# CLASS 4

ഗണിതം

## ഗണിതമൂല ക്രമീകരിക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുന്നതിന് | ക്ലാസുകളിൽ എല്ലാം ഗണിത മൂലകൾ ക്രമീകരിക്കാൻ (മഞ്ചാടിക്കളി നോട്ട് ക്ലോക്ക് മാധ്യകകൾ) | ജൂൺ | ക്ലാസ് ടീച്ചർ |

## കളിക്കാം ഗണിക്കാം.....

| | | | |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം സങ്കലനം-വ്യവകലനം(കച്ചവടക്കളി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | ) | | |

## ഗണിത ചുമർ

| | | | |
|---|---|---|---|
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതചുവർ ഒരുക്കൽ- ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

## ഗണിത പഠനോപകരണ ശില്പശാല

| | | | |
|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം ,പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

മലയാളം

പ്രവർത്തനം : കുറിപ്പ് തയ്യാറാക്കൽ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് വായിക്കുന്നതിനും എഴുതുന്നതിനും സാഹിത്യ ആസ്വാദനത്തിനുംപ്രാപ്തര ാവുക | വായിച്ച പുസ്തകങ്ങൾ കവിത കഥ മാസിക സംബന്ധിച്ച വായന കുറിപ്പ് തയ്യാറാക്കൽ | ജൂൺ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 SMC HM |

## പ്രവർത്തനത്തിന്റെ പേര് :ക്ലാസ് തല പതിപ്പ്

## ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ക്ലാസ് തലപ്രവർത്തനങ്ങൾ വ്യക്തിഗത രചന സൃഷ്ടികൾ തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 HM SMC |

പ്രവർത്തനം : കയ്യെഴുത്തു മാസിക

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനയ്ക്കുള്ള അവസരം | കുട്ടികളുടെ രചന പ്രസിദ്ധീകരണത്ത ിനു വേണ്ടി ചുവർപത്രിക കയ്യെഴുത്തു മാസിക തയ്യാറാക്കൽ | ഓരോടേമിലും | ക്ലാസ് ടീച്ചർ | HM |

പരിസര പഠനം

## പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കും | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

## ശാസ്ത്ര മൂല

| | | | |
|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കാൻ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ |

## ഭൂപടം ഒരുക്കാം

| | | | |
|---|---|---|---|
| കേരളം ഇന്ത്യ ഭൂപട വായന | ഭൂപട വായന ഭൂപട രചന ഇവ ഉപയോഗിക്കൽ | വർഷത്തിൽഒന്ന് | ക്ലാസ് ടീച്ചർ |

## ശാസ്ത്ര മാസിക

| | | | |
|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽഒന്ന് | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | **ഗണിത ശില്പശാല** കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത അധ്യാപകർ. | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശില്പകല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ.ലാബിൽ വെച്ച് ഗണിത ക്ലാസ്സ് സംഘടിപ്പിക്കൽ **Creative Corner** ഉപയോഗപ്പെടുത്തൽ | ആവശ്യനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ് അംഗങ്ങളും | |
| 4. ഗണിതം മധുരം ആക്കൽ | ഗണിതപാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ് പി.ടി.എ |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവണ്യമുള്ള അധ്യാപകരെ ( മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഗണിത അധ്യാപകർ ക്ലാസ് ലീഡർമാർ | പി.ടി.എ |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി സാധ്യതകൾ ജാമിതീയ രൂപങ്ങൾ ചതുഷ്ഷ്ഠിയകൾ ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ ജിയോജിബ്ര എന്നിവ ഐടി മേഖലയിലൂടെ നേടിയെടുക്കാം<br>ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആവശ്യാനുസരണ ം | ഗണിത അധ്യാപകർ | |
| 7, ഗണിതത്തിൽ പിന്നോക്കം | | | | |

| | | | | |
|---|---|---|---|---|
| നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ദിനാചരണം | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8, വിവിധശേഷികളുടെ വികസനം | ഗണിത കടകൾ സംഘടിപ്പിക്കൽ<br><br>ഗണന പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ പ്രയോഗിക്കാനുതകുന്ന വിധം വിവിധ വസ്തുക്കളുടെ വിൽപ്പന ആശയമാക്കി കടകൾ രൂപവൽക്കരിക്കുന്നു | ജൂൺ 2 മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യനുസരണ ം | എസ് ആർ ജി |
| 9. ഗണിത മേഖലയിൽ നിന്നും ഗണന മേഖലയിലേക്കുള്ള മാറ്റം | | വർഷത്തിൽ നാലഞ്ച് തവണ | ഗണിത അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലംഅക്കാദമിക വർഷം | ചുമതലശാസ്ത്ര അധ്യാപകർ സയൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | ക്ലബ്ബ് |
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം നിർമ്മാണം<br><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ നിരീക്ഷണം<br><br>പരീക്ഷണ കളരി<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണത്തിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ ക്കുറുപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂലൈ<br><br>ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് |
| 2) ശാസ്ത്ര പ്രക്രിയ വികസിപ്പിക്കുക | ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| 3) ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആധുനിക ശാസ്ത്രത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br><br>ശാസ്ത്ര പാഠവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു<br><br>ICT സഹായത്തോടെ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| 4) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക<br><br>5) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണനോത്സുകത വർദ്ധിപ്പിക്കൽ<br><br>6) ശാസ്ത്ര ദിനാചരണം | ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾശാസ്ത്ര ദിനാചരണം എന്നിവയുടെ വീഡിയോ പ്രദർശനം<br><br>Atel tinkering laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാനരൂപത്തിൽ കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു.<br><br>ഇലക്ട്രോണിക് റോബോട്ടിംഗ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം.<br><br>ശാസ്ത്രദിനവുമായി ബന്ധപ്പെട്ട കുട്ടികളുടെ ലേഖനങ്ങൾ പോസ്റ്ററുകൾ തയ്യാറാക്കൽ ശാസ്ത്ര ദിനങ്ങൾ ആചരിക്കൽ ശാസ്ത്ര മാനസിക തയ്യാറാകുന്നു<br><br>കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ കൊടുക്കേണ്ട പ്രഥമ ശുശ്രൂഷയെ കുറിച്ച് ഡെമോ ക്ലാസുകൾ നടത്തുന്നു | അക്കാദമിക വർഷം | |

| | | | |
|---|---|---|---|
| 7) ഫസ്റ്റ് എയ്ഡ് ബോധവൽക്കരണം<br><br>8) ശാസ്ത്ര മേഖലയിൽ പരിശീലനം<br><br>9) പഠന പ്രവർത്തനങ്ങളെ കൂടുതൽ ക്രിയാത്മകമാക്കാനുള്ള പഠനാന്തരീക്ഷം ഒരുക്കു | പ്രതിഭകളായ കുട്ടികളെ കണ്ടെത്തി പ്രോജക്ട് ക്വിസ് പ്രസംഗം എന്നിലേക്ക് പരിശീലനം നൽകുന്നു<br><br>ക്രിയേറ്റീവ് കോർണർ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര ക്ലബ്ബ്<br><br>ശാസ്ത്ര ക്ലബ്ബ്<br><br>ശാസ്ത്ര ക്ലബ്ബ് പ്രവർത്തി പരിചയ ക്ലബ്ബ് |

| OBJECTIVES | ACTIVITIES | DURATION | RESPONSIBILITY |
|---|---|---|---|
| Lack of prior knowledge in listening, speaking, reading and writing | Read and listen to simple and interesting english stories and conversations | June-March | English teacher & English club |

| | | | |
|---|---|---|---|
| To make them speak fluently and express there ideas in simple English | Encourage the child to answer the related questions<br>Arrange reading cards (simple to complex)<br>Training is given to act according to the instructions. | June-March | English teacher & English club |
| Lack of communication | Conducting spoken English classes<br>Conducting English assembly<br>English news writing and reading<br>Arrange English library | June-March | English teacher & English club |
| Defective pronunciation | Dramatization of stories and enacting them<br>Conducting debate and seminars<br>Role play<br>Story competition<br>Formation of English club<br>English fest, speech, skit, conversation, interview etc language lab<br>ICT facilities<br><br>Audio visual clipping for listening correct pronunciation language lab<br>ICT facilities<br>Readies theatre classes on phonetics by experts | June-March | English teacher & English club |

| | | | |
|---|---|---|---|
| Insufficient vocabulary<br><br>Defective sentence pattern<br><br>Addressing slow pace learners<br><br>Support to gifted children<br><br>Illegible handwriting | reader of the month (The child who reach the English newspaper well is selected as the reader of the month) performer of the month (The child who performs any team or skip well is selected as performer of the month)<br><br>Words game word a day spelling contest making crossword puzzles dictionary making using the words of TB<br><br>Making sentence cards Using sentence cards in classroom Correct sentence structure with ICT facilities English magazine<br><br>TM and TLM addressing slow pace learners special classes for SPL conducting action research for SPL using ICT & language games<br><br>Special classes using language experts introducing English library English book | June-March<br><br>June-March<br><br>June-March<br><br>June-March<br><br>June-March | English teacher & English club<br><br>English teacher & English club<br><br>English teacher & English club<br><br>English teacher & English club<br><br>English teacher & English club |

| | | | |
|---|---|---|---|
| | exhibition classes in creative thinking<br>magazine created by children<br>digital library<br><br>writing with the ICT facilities<br>English diary peer group learning<br>copy writing<br>preparation of notice ,poster etc | | |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവാദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>എൻറെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു<br><u>ഭാഷകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ<br>ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>പ്രീ ടെസ്റ്റ് നടത്തുന്നു<br>അക്ഷരം ഉറപ്പിക്കൽ<br>വാക്കുകൾ നിർമിക്കുക<br>ചിത്രം -അടിക്കുറിപ്പ്<br>ചിത്രം- കഥ പറയൽ<br>വാർത്താ ലോകത്തേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>വായനാ മൂല ,ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>വായനോത്സവം സംഘടിപ്പിക്കൽ പത്രവായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവെക്കൽ<br>വായനാദിന ക്വിസ്<br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം | ജൂലൈ | മലയാളം അധ്യാപകർ | |
| | <u>വാർത്താ ലോകത്തേക്ക്</u><br>പത്രം ,ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | ആഗസ്റ്റ് | വിദ്യാരംഗം മലയാളം ക്ലബ് | |
| കുട്ടിയെ മികച്ച | വായനാക്കുറിപ്പ് പതിപ്പ്<br>കഥാപാത്ര നിരൂപണം<br>ചുമർപത്രിക വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ക്ലാസ് ലൈബ്രറി<br><u>ദിനാചരണങ്ങൾ</u><br>വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി | ആഗസ്റ്റ് | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| എഴുത്തുകാരരാക്കുക<br><br>സാഹിത്യ കൃതികളോടും സാഹിത്യകാരനോടുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ<br><br>പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു<br><br><u>സംവാദം /മുഖാമുഖം</u><br>സാഹിത്യകാരന്മാർ എഴുത്തുകാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കൽ<br><br><u>രംഗ ആവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ അവതരിപ്പിക്കുന്നു<br>വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന് ആസ്വാദനം തയ്യാറാക്കിയ അവതരിപ്പിക്കുന്നു<br><u>സാഹിത്യസാംസ്കാരിക ചിത്ര ഗ്യാലറി</u><br>സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ,പുസ്തകങ്ങൾ ,മഹത് വചനങ്ങൾ,<br>ജീവചരിത്രക്കുറിപ്പുകൾ ,കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ | സെപ്റ്റംബർ<br><br>എല്ലാ മാസവും<br><br>ഒക്ടോബർ നവംബർ<br><br>ഡിസംബർ<br><br>ജനുവരി ഫെബ്രുവരി | വിദ്യാരംഗം മലയാളം ക്ലബ്ബ് ഹെഡ്മിസ്ട്രസ്<br><br>മലയാള അധ്യാപകർ മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ്<br><br>പിടിഎ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | <u>അംഗത്തട്ട് കളിയിൽ നിന്ന് കാര്യത്തിലേക്ക്</u><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നഉദാഹരണം പ്രശ്നോത്തരി പസിൽ എൻറെ കേരളം വിവരണം തയ്യാറാക്കൽ സ്കൂൾ പഞ്ചായത്ത് മുൻസിപ്പാലിറ്റി ഐഡി കാർഡ് തയ്യാറാക്കൽ | | | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവർ ആക്കി മാറ്റിയെടുക്കുക | <u>ഓർമ്മച്ചെപ്പ്</u><br>അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്ന ഫീൽഡ് ട്രിപ്പ് ഐസിടിയുടെ സഹായത്താൽ ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്ന അനുഭവങ്ങൾ പങ്കുവയ്ക്കുന്ന അഭിമുഖങ്ങൾ സംഘടിപ്പിക്കുന്നു | | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നു | <u>വിദ്യാലയത്തിൽ നിന്ന് പുറം ലോകത്തേക്ക്</u> ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്ന വാർഡ് സഭാ സന്ദർശനം കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/ പഞ്ചായത്ത് ഓഫീസുകൾ സന്ദർശനം അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ ജനപ്രതിനിധികളുമായുള്ള അഭിമുഖ സംഭാഷണം ചർച്ച എന്നിവ സംഘടിപ്പിക്കാൻ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ സാമൂഹ്യശാസ്ത്ര ക്ലബ് |
| | <u>പ്രകൃതി താണ്ഡവം നേർക്കാഴ്ച</u><br>ഭൂകമ്പം ,സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ കുറിച്ച് മനസ്സിലാക്കുകയും | | | |

| | | | | |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.<br><br>നന്മയുടെ നറുങ്ങുവെട്ടം<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരിതബാധിത പ്രദേശത്തെ ജനങ്ങൾക്ക് ആശ്വാസമാകുന്ന ആവശ്യമായ എല്ലാ സഹായങ്ങളും വിദ്യാർത്ഥികളുടെ മേൽനോട്ടത്തിൽ എത്തിച്ചു നൽകുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ സാമൂഹ്യശാസ്ത്ര ക്ലബ് |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | കൂടെവിടെ മക്കളെ<br>പരിസ്ഥിതി നാശത്തിന് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾ മനുഷ്യൻറെ ഇടപെടലുകൾ മൂലം നാശം സംഭവിച്ച, സംഭവിച്ചുകൊണ്ടിരിക്കുന്ന കാവുകൾ ജലാശയങ്ങൾ തണ്ണീർത്തടങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നു പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ സാമൂഹ്യശാസ്ത്ര ക്ലബ് |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ജീവിതമാണ് ലഹരി<br>അധ്യയനവർഷാരംഭത്തിൽ നൽകിയ ക്ലാസുകൾ വീണ്ടും നൽകുന്നു ഷോർട്ട് ഫിലിം വീഡിയോ ക്ലിപ്പ് എന്നിവയുടെ പ്രദർശനം സംഘടിപ്പിക്കുന്നു ഫ്ലാഷ് മോബ് സംഘടിപ്പിക്കുന്നു പോലീസ് സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ സാമൂഹ്യശാസ്ത്ര |

| | | | | |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ലഹരിയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | | അക്കാദമിക വർഷാവസാനം | സാമൂഹ്യശാസ്ത്ര അധ്യാപകർ | ക്ലബ്<br>സാമൂഹ്യശാസ്ത്ര ക്ലബ് |

# ENGLISH

| Aim | Activities | Duration | Charge |
|---|---|---|---|
| To provide more chances to hear English language | giving instructions while studying playing etc providing them chances to hear stories conversation songs description etc | Whole year<br>June -July | Class teacher |
| To give them chances to speak English language confidentally | escription based on pictures sceneries real objects etc growing sentences self introduction framing riddles framing conversations Assembly activities speech | August- November- December- March | class Teacher |
| To make them good comprehensive readers and to read simple passage fluently | Class library reading card reading symbol | June -August<br>September- March<br>January -March | Class Teacher |

| | | | |
|---|---|---|---|
| Provide opportunities to express their writing skills | stories finding rhyming words describing words finding words that shows past action newspaper reading<br><br>Making words web picture description writing riddles individually developing stories writing diary | October -March | Class Teacher |

HS Section Malayalam

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | 1.ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>2.കുട്ടികളിലെ ഭാഷാശേഷികളെ വികസിപ്പിക്കുന്നതിനായി സർഗാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>3.കഥപറയൽ, കാവ്യാലാപനം, അഭിനയം, കഥാരചന, കവിതാരചന, ഉപന്യാസം തുടങ്ങിയവ സംഘടിപ്പിക്കുന്നു.<br>4.പുസ്തക വായന ആസ്വാദനക്കുറിപ്പ് ലഘുക്കുറിപ്പ് തയ്യാറാക്കൽ (ഓരോ കുട്ടിയും)<br>5.ക്ലാസ് സ്ഥലത്തിൽ പ്രസംഗം ചർച്ച സെമിനാർ എന്നിവ സംഘടിപ്പിക്കൽ<br><br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | ഒരു വർഷം<br><br>ഓരോ മാസവും<br><br>ആഴ്ചയിൽ ഒന്ന്<br><br>ഓരോ | മലയാളം അധ്യാപകർ | P.T.A. |

| | | | | |
|---|---|---|---|---|
| | പ്രത്യേകം ക്ലാസുകൾ ശ്രദ്ധ, നവപ്രഭ, മലയാളത്തിളക്കം സംഘടിപ്പിക്കുന്നു. | മാസവും | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.ക്ലാസ് ലൈബ്രറി ,ആശയ രൂപീകരണം ,ചർച്ച<br>2.രൂപരേഖ തയ്യാറാക്കാൻ<br>3.പുസ്തക സമാഹരണം<br>4.ഭൗതിക സാഹചര്യമൊരുക്കൽ | 6 മാസം 1 വർഷം | | |
| കുട്ടികളിൽ വായിക്കുന്നതിനുള്ള താല്പര്യം വളർത്തുക | ക്ലാസ് തല പത്രാധിപസമിതി രൂപീകരണം<br>സൃഷ്ടികൾ ക്ഷണിക്കൽ<br>സൃഷ്ടികളുടെ തിരഞ്ഞെടുക്കൽ, നിർമ്മാണം<br>പ്രകാശനം ,അവലോകനം മെച്ചപ്പെടുത്തൽ | ക്ലാസ് അധ്യാപകർ, എസ് ആർ ജി, പൂർവ്വ വിദ്യാർത്ഥികൾ | ജൂൺ | |
| കുട്ടികളിലെ സർഗാത്മക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക (കയ്യെഴുത്തു മാസിക ,പതിപ്പുകൾ) | കഥ അരങ്ങ് , കവിത അരങ്ങ്, രചന ശില്പശാല എന്നിവ സംഘടിപ്പിക്കും<br>രൂപപ്പെടുന്ന ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കും | ക്ലാസ് ടീച്ചർ, മലയാളം അധ്യാപിക ,സ്റ്റുഡന്റ് എഡിറ്റർ, പത്രാധിപസമിതി, ക്ലാസ് ടീച്ചർ, പത്രാധിപസമിതി | ജൂലൈ ഒക്ടോബർ ഓഗസ്റ്റ് നവംബർ | |
